**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6415** **10-11-2021 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക പരിശീലന വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക പരിശീലന വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് സർക്കാർ ഉത്തരവിലൂടെ നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി വർക്കിംഗ് അറേഞ്ച്മെന്റ് പ്രയോജനപ്പെടുത്തിയ ജീവനക്കാരുടെ തസ്തികയും എണ്ണവും ജോലി ചെയ്ത കാലയളവും വ്യക്തമാക്കാമോ; | (ബി) | വ്യാവസായിക പരിശീലന വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി വർക്കിംഗ് അറേഞ്ച്മെന്റ് പ്രയോജനപ്പെടുത്തിയ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി മറ്റു ജില്ലകളിലേക്ക് താൽക്കാലിക സംവിധാനത്തിലൂടെ സ്ഥലം മാറ്റം നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | നിശ്ചിത ഡ്യൂട്ടി നിർവഹിക്കുന്നതിനായി അധിക മാനവശേഷി ആവശ്യമായ സന്ദർഭത്തിൽ ആണ് സേവന ക്രമീകരണം നടത്തുന്നത്. ഇത് ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള സ്ഥലമാറ്റമോ സ്ഥിരനിയമനമോ അല്ല. |
| (ഡി) | പിന്നാക്ക ജില്ലകളായ വയനാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ വ്യാവസായിക പരിശീലനവകുപ്പിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റു ജില്ലകളിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാർ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. ഇടുക്കി ജില്ലയിൽ നിന്ന് 4 ജീവനക്കാരെയും, കാസർഗോഡ് ജില്ലയിൽ നിന്ന് ഒരു ജീവനക്കാരിയെയും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത നിയമനങ്ങൾ ക്രമപ്രകാരമാണോ എന്നും ഇവരുടെ അഭാവത്തിൽ ഉണ്ടാകുന്ന ജോലി സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | നിശ്ചിത ഡ്യൂട്ടി നിർവഹിക്കുന്നതിനായി അധിക മാനവശേഷി ആവശ്യമായ സന്ദർഭത്തിൽ ആണ് സേവന ക്രമീകരണം നടത്തുന്നത്. വ്യാവസായിക പരിശീലന വകുപ്പിന്റെ മുഖ്യ കാര്യാലയത്തിലും മറ്റ് സബ് ഓഫീസുകളിലും സേവന ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ഉണ്ടാകുന്ന വിടവ് നികത്തുന്നതിനായി മറ്റ് ജീവനക്കാർക്ക് ബന്ധപ്പെട്ട ജോലി വീതിച്ചു നൽകുകയോ അല്ലെങ്കിൽ അധികസമയം ഇതിനായി ചെലവിടുകയോ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**2016**

| ക്രമ നം. | തസ്തിക | എണ്ണം | സേവന കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 1 | മൂന്ന് മാസം | ചില ജീവനക്കാർക്ക് നിശ്ചിത സമയ പരിധി മാത്രമായും , അല്ലാത്തവർ നിയോഗിച്ച ജോലി പൂർത്തിയാകാത്ത സാഹചര്യത്തിൽ , ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൂന്ന മാസം വീതം സേവന കാലയളവ് ദീർഘിപ്പിച്ചും സേവനമനുഷ്ഠിച്ചിട്ടുണ്ട് |
| 2 | ഒ.ഐ.സി. | 1 | മൂന്ന് മാസം | |
| 3 | ജൂനിയർ സൂപ്രണ്ട് | 4 | മൂന്ന് മാസം | |
| 4 | ഹെഡ് ക്ലാർക്ക് | 4 | മൂന്ന് മാസം | |
| 5 | ക്ലാർക്ക് | 5 | മൂന്ന് മാസം | |
| 6 | വർക്ഷോപ്പ് അറ്റൻഡർ | 4 | മൂന്ന് മാസം | |
| 7 | വാച്ച്മാൻ /ഓഫീസ് അറ്റൻഡന്റ് | 2 | മൂന്ന് മാസം | |

**2017**

| ക്രമ നം. | തസ്തിക | എണ്ണം | സേവന കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 2 | മൂന്ന് മാസം | ചില ജീവനക്കാർക്ക് നിശ്ചിത സമയ പരിധി മാത്രമായും , അല്ലാത്തവർ നിയോഗിച്ച ജോലി പൂർത്തിയാകാത്ത സാഹചര്യത്തിൽ , ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൂന്ന മാസം വീതം സേവന കാലയളവ് ദീർഘിപ്പിച്ചും സേവനമനുഷ്ഠിച്ചിട്ടുണ്ട് |
| 2 | ഒ.ഐ.സി. | 1 | മൂന്ന് മാസം | |
| 3 | ജൂനിയർ സൂപ്രണ്ട് | 7 | മൂന്ന് മാസം | |
| 4 | ഹെഡ് ക്ലാർക്ക് | 3 | മൂന്ന് മാസം | |
| 5 | ക്ലാർക്ക് | 8 | മൂന്ന് മാസം | |
| 6 | വർക്ഷോപ്പ് അറ്റൻഡർ | 17 | മൂന്ന് മാസം | |
| 7 | വാച്ച്മാൻ /ഓഫീസ് അറ്റൻഡന്റ് | 4 | മൂന്ന് മാസം | |

**2018**

| ക്രമ നം. | തസ്തിക | എണ്ണം | സേവന കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 2 | മൂന്ന് മാസം | ചില ജീവനക്കാർക്ക് നിശ്ചിത സമയ പരിധി മാത്രമായും , അല്ലാത്തവർ നിയോഗിച്ച ജോലി പൂർത്തിയാകാത്ത സാഹചര്യത്തിൽ , ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൂന്ന മാസം വീതം സേവന കാലയളവ് ദീർഘിപ്പിച്ചും സേവനമനുഷ്ഠിച്ചിട്ടുണ്ട് |
| 2 | ഒ.ഐ.സി. | 1 | മൂന്ന് മാസം | |
| 3 | ജൂനിയർ സൂപ്രണ്ട് | 8 | മൂന്ന് മാസം | |
| 4 | ഹെഡ് ക്ലാർക്ക് | 5 | മൂന്ന് മാസം | |
| 5 | ക്ലാർക്ക് | 11 | മൂന്ന് മാസം | |
| 6 | വർക്ഷോപ്പ് അറ്റൻഡർ | 13 | മൂന്ന് മാസം | |
| 7 | വാച്ച്മാൻ /ഓഫീസ് അറ്റൻഡന്റ് | 8 | മൂന്ന് മാസം | |

2019

| ക്രമ നം. | തസ്തിക | എണ്ണം | സേവന കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഒ.ഐ.സി. | 1 | മൂന്ന് മാസം | ചില ജീവനക്കാർക്ക് നിശ്ചിത സമയ പരിധി മാത്രമായും , അല്ലാത്തവർ നിയോഗിച്ച ജോലി പൂർത്തിയാകാത്ത സാഹചര്യത്തിൽ , ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൂന്നു മാസം വീതം സേവന കാലയളവ് ദീർഘിപ്പിച്ചും സേവനമനുഷ്ഠിച്ചിട്ടുണ്ട് |
| 2 | ജൂനിയർ സൂപ്രണ്ട് | 4 | മൂന്ന് മാസം | |
| 3 | ഹെഡ് ക്ലാർക്ക് | 6 | മൂന്ന് മാസം | |
| 4 | ക്ലാർക്ക് | 10 | മൂന്ന് മാസം | |
| 5 | വർക്ഷോപ്പ് അറ്റൻഡർ | 16 | മൂന്ന് മാസം | |
| 6 | വാച്ച്മാൻ /ഓഫീസ് അറ്റൻഡന്റ് | 10 | മൂന്ന് മാസം | |
| 7 | ഡ്രൈവർ | 1 | മൂന്ന് മാസം | |

2020

| ക്രമ നം. | തസ്തിക | എണ്ണം | സേവന കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 1 | മൂന്ന് മാസം | ചില ജീവനക്കാർക്ക് നിശ്ചിത സമയ പരിധി മാത്രമായും , അല്ലാത്തവർ നിയോഗിച്ച ജോലി പൂർത്തിയാകാത്ത സാഹചര്യത്തിൽ , ആവശ്യകതയുടെ അടിസ്ഥാനത്തിൽ മൂന്നു മാസം വീതം സേവന കാലയളവ് ദീർഘിപ്പിച്ചും സേവനമനുഷ്ഠിച്ചിട്ടുണ്ട് |
| 2 | ജൂനിയർ സൂപ്രണ്ട് | 4 | മൂന്ന് മാസം | |
| 3 | ഹെഡ് ക്ലാർക്ക് | 6 | മൂന്ന് മാസം | |
| 4 | ക്ലാർക്ക് | 7 | മൂന്ന് മാസം | |
| 5 | വർക്ഷോപ്പ് അറ്റൻഡർ | 12 | മൂന്ന് മാസം | |
| 6 | വാച്ച്മാൻ /ഓഫീസ് അറ്റൻഡന്റ് | 10 | മൂന്ന് മാസം | |

സെക്ഷൻ ഓഫീസർ